# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:17.09.2026**

### പ്രധാനവാർത്തകൾ

1. സെമി കണ്ടക്ടർ മേഖലയിലെ ഇന്ത്യയുടെ അതിവേഗ മുന്നേറ്റത്തിന് കാരണം കൂട്ടായ പ്രവർത്തനങ്ങളെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; 'സെമികോൺ ഇന്ത്യ 2026' ഉദ്ഘാടനം ചെയ്തു.

2. പ്രധാനമന്ത്രിയുടെ ജന്മദിനത്തോടനുബന്ധിച്ചു സംഘടിപ്പിക്കുന്ന സേവാ സങ്കൽപ് അഭിയാന് തുടക്കമായി; ആശംസകൾ നേർന്ന് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും;

3. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് നാളെ കൊച്ചിയിൽ; വൺ എപിക്, മെനി സ്റ്റോറീസ്: രാമകഥ എക്രോസ് ഭാരത് ആൻഡ് ബിയോണ്ട് ത്രിദിന കോൺക്ലേവ് ഉദ്ഘാടനം ചെയ്യും

4. മെസ്സിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട തട്ടിപ്പ് കേസിൽ നടപടിക്രമങ്ങൾ പാലിച്ചാണ് പോലീസ് മുന്നോട്ട് പോകുന്നതെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല

5. സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി തുടരുന്നു; മുംബൈ ന്യൂക്ലിയർ പവർ കോർപ്പറേഷൻ മേധാവിയുമായി കെഎസ്ഇബി ചെയർമാൻ ഇന്ന് ചർച്ച നടത്തും.

RNU TVPM

6. **ഇന്ത്യ- അഫ്ഗാനിസ്ഥാൻ ടി20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന് ഡൽഹിയിൽ.**

**സെമികോൺ ഇന്ത്യ**

സെമികോൺ ഇന്ത്യ 2026 ന്യൂഡൽഹിയിലെ യശോഭൂമിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ വളരുന്നതിനൊപ്പം രാജ്യത്തോടുള്ള ആഗോള വിശ്വാസവും വർധിച്ചുവരികയാണെന്ന് ഉദ്ഘാടന ചടങ്ങിൽ പ്രധാനമന്ത്രി പറഞ്ഞു. വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിനുള്ള പ്രതിബദ്ധതയോടെയാണ് രാജ്യത്തെ ഓരോ പൗരനും പ്രവർത്തിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

(ബൈറ്റ്)

ഇന്ത്യയുടെ സെമികണ്ടക്ടർ മേഖല അതിവേഗം വളരുകയാണെന്നും, നൂതനാശയങ്ങൾക്കും നിക്ഷേപത്തിനും സാമ്പത്തിക വളർച്ചയ്ക്കും പുതിയ അവസരങ്ങൾതുറക്കുകയാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.ഇന്ത്യയിൽ സഹകരണം, നിക്ഷേപം, നൂതനാശയങ്ങൾ, നൈപുണ്യ വികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനാണ് മൂന്ന് ദിവസം നീളുന്ന സമ്മേളനം ലക്ഷ്യമിടുന്നത്.

RNU TVPM

## രാജ് നാഥ് സിംഗ്(ഇൻട്രോ)

കേന്ദ്ര പ്രതിരോധ മന്ത്രി രാജ് നാഥ് സിംഗ് നാളെ കൊച്ചിയിലെത്തും. ജന്മഭൂമി സംഘടിപ്പിക്കുന്ന 'വൺ എപിക്, മെനി സ്റ്റോറീസ്: രാമകഥ എക്രോസ് ഭാരത് ആൻഡ് ബിയോണ്ട്' ത്രിദിന ദേശീയ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുന്നതിനായാണ് അദ്ദേഹം എത്തുന്നത്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി നഹീമ പി.***

***(വോയിസ്)***

## മേജർ ധ്യാൻ ചന്ദ് കോംപ്ലക്സ്

എൻ.ഐ റ്റി കാലിക്കറ്റിൽ നിർമ്മിച്ച മേജർ ധ്യാൻ ചന്ദ് സ്പോർട്സ് കോംപ്ലക്സിന്റെ ഉദ്ഘാടനം കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി സുകാന്ത മജുംദാർ നിർവ്വഹിക്കും. ഞായറാഴ്ച രാവിലെ നടക്കുന്ന ചടങ്ങിൽ ഏഷ്യൻ ഗെയിംസ് സ്വർണ്ണ മെഡൽ ജേതാവും ഒളിമ്പ്യനുമായ പത്മശ്രീ എം. ഡി. വത്സമ്മ വിശിഷ്ടാതിഥിയായി പങ്കെടുക്കും.

## ആൻ്റോ അഗസ്റ്റിൻ അറസ്റ്റ്

വയനാട്ടിലെ വീട്ടിൽ അനധികൃത അളവിൽ മദ്യം ശേഖരിച്ച കേസിൽ റിപ്പോർട്ടർ ചാനൽ മേധാവി ആൻ്റോ

RIJUTVPM

അഗസ്റ്റിൻ അറസ്റ്റിലായി. ചാനൽ ഓഫീസിൽനിന്ന് എക്സൈസ് സംഘമാണ് ഇദ്ദേഹത്തെ ഇന്ന് അതിരാവിലെ അറസ്റ്റ് ചെയ്തത്. തുടർന്ന്ആലുവ ജില്ലാ ആശുപത്രിയിലെ വൈദ്യ പരിശോധനയ്ക്കുശേഷം ആൻ്റോയുമായി സംഘം വയനാട്ടിലെത്തി. മെസ്സിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട തട്ടിപ്പ് കേസിൽ ഇന്നലെ അതിരാവിലെ മുതൽ പ്രത്യേക അന്വേഷണസംഘം റിപ്പോർട്ടർ ചാനൽ ഓഫീസിലും ആന്റോയുടെ ഫ്ലാറ്റിലും വയനാട്ടിലെ വീട്ടിലും ഉൾപ്പെടെ പരിശോധന നടത്തിയിരുന്നു.

## മെസ്സി -ചെന്നിത്തല

മെസ്സിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട തട്ടിപ്പ് കേസിൽ എസ്.ഐ.ടി നിയമവിരുദ്ധമായി ഒന്നും ചെയ്തിട്ടില്ലെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. നടപടിക്രമങ്ങൾ പാലിച്ചാണ് റെയ്ഡ് നടത്തിയതെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ പത്ത് വർഷമായി മാധ്യമങ്ങൾക്കെതിരായ വേട്ടയാടൽ അടിയന്തരാവസ്ഥയ്ക്ക് സമാനമായിരുന്നെന്നും മന്ത്രി ആരോപിച്ചു. റെയ്ഡിനിടെ നിയമവിരുദ്ധമായ എന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

## വൈദ്യുതി പ്രതിസന്ധി

RNUTVPM

സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി തുടരുന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി എത്തിക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്. ഇന്ന് മുംബൈ ന്യൂക്ലിയർ പവർ കോർപ്പറേഷൻ മേധാവിയുമായി കെഎസ്ഇബി ചെയർമാൻ ചർച്ച നടത്തും. പ്രതിസന്ധിക്ക് അയവില്ലെന്നും ചർച്ചകൾ തുടരുകയാണെന്നും വൈദ്യുതി മന്ത്രി സണ്ണി ജോസഫ് അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**കെ.എസ്.ഇ.ബി**

സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം തുടരും. ഇന്നലെയും വൈദ്യുത ഉപയോഗം ഉയർന്ന നിലയിലായിരുന്നെന്ന് കെ.എസ്.ഇ.ബി അറിയിച്ചു. വൈദ്യുതി ലഭ്യതയിൽ

ഇന്നലെ 900 മെഗാവാട്ടിൻ്റെ കുറവാണുണ്ടായത്.

❁❁❁❁❁❁❁❁❁❁❁❁❁

**ടോമിൻ ജെ. തച്ചങ്കരി**

ഔദ്യോഗിക പദവിയിലിരിക്കെ വരവിൽക്കവിഞ്ഞ സ്വത്ത് സമ്പാദിച്ചെന്ന കേസിൽ സംസ്ഥാന പോലീസ് ഉപമേധാവിയായിരുന്ന ടോമിൻ ജെ. തച്ചങ്കരി കുറ്റക്കാരനെന്ന് കോട്ടയം വിജിലൻസ് കോടതി. ശിക്ഷ വിധി ഉച്ചയോടെ പ്രസ്താവിക്കും. ഔദ്യോഗികകാലയളവിൽ

RIJU TVPM

64.70 ലക്ഷം രൂപയുടെ അനധികൃതസ്വത്ത് സമ്പാദിച്ചെന്നായിരുന്നു കേസ്.

## സേവാ സങ്കൽപ് ഇൻട്രോ

പ്രധാനമന്ത്രി നരേന്ദ്ര മോദി പൊതുസേവനത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ സംഘടിപ്പിക്കുന്നു. 'ജനസേവനത്തിലൂടെ രാഷ്ട്രസേവനം' എന്ന ആശയം മുൻനിർത്തി 2047-ഓടെ 'വികസിത ഭാരതം' എന്ന ലക്ഷ്യം കൈവരിക്കാനുള്ള പരിശ്രമങ്ങൾ അനാവരണം ചെയ്യുന്നതാണ് സേവാ സങ്കൽപ്പ് അഭിയാൻ.

## സേവാ സങ്കൽപ് അഭിയാൻ

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ 76-ാ◌ം ജന്മദിനമായ ഇന്ന് ബി.ജെ.പി. രാജ്യവ്യാപകമായി സേവാ ദിവസ് ആയി ആചരിക്കുന്നു. മുഖ്യമന്ത്രി, പ്രധാനമന്ത്രി എന്നീ നിലകളിൽ അദ്ദേഹം 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന സേവാ സങ്കൽപ്പ് അഭിയാനും ഇന്ന് തുടക്കമായി. പരിപാടിയുടെ ഭാഗമായി ക്ഷേമ, സേവന പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കുന്നത്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## മോദി- ജന്മദിനം

പ്രധാനമന്ത്രിയുടെ ജന്മദിനത്തോടനുബന്ധിച്ച് ദീൻദയാൽ ഉപാധ്യായ മാർഗിലെ ബി.ജെ.പി. ദേശീയ ആസ്ഥാനത്ത് സംഘടിപ്പിച്ച രക്തദാന ക്യാമ്പ് ദേശീയ അധ്യക്ഷൻ നിതിൻ നബിൻ ഉദ്ഘാടനം ചെയ്തു. പ്രധാനമന്ത്രിയുടെ ജന്മദേശമായ ഗുജറാത്തിലെ വഡ്നഗറിൽ നടക്കുന്ന മഹാ ആരതിയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പങ്കെടുത്തു. വഡ്നഗറിൽനിന്ന് വാരാണസിയിലേക്ക് പദയാത്രയും വാരാണസിയിൽനിന്ന് വഡ്നഗറിലേക്ക് ബൈക്ക് റാലിയും ഫ്ലാഗ് ഓഫ് ചെയ്തു. വാരാണസിയിലെ പരിപാടി ശ്രീ രാജ്നാഥ് സിംഗ് ഉദ്ഘാടനം ചെയ്തു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## രാഷ്ട്രപതി-ഉപരാഷ്ട്രപതി -ആശംസകൾ

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജന്മദിനത്തിൽ ആശംസകൾ നേർന്ന് രാഷ്ട്രപതി ദ്രൗപദി മുർമുവും ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണനും. മുഖ്യമന്ത്രിയായും പ്രധാനമന്ത്രിയായും സേവനമനുഷ്ഠിച്ച 25 വർഷത്തിനിടെ, രാഷ്ട്രനിർമ്മാണത്തിന് അദ്ദേഹം നൽകിയ സംഭാവനകളെയും മാതൃകാപരമായ പൊതുസേവനത്തെയും രാഷ്ട്രപതി മുർമു പ്രശംസിച്ചു. മോദിയുടെ ദാർശനിക നേതൃത്വത്തിന് കീഴിൽ ഇന്ത്യ

അതിവേഗം വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥകളിൽ ഒന്നായി മാറിയെന്ന് ഉപരാഷ്ട്രപതി വ്യക്തമാക്കി.

**മേയർ വി വി രാജേഷ്**

പ്രധാനമന്ത്രിയുടെ ജന്മദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ ബി ജെ പി പ്രവർത്തകർ പ്രത്യേക പൂജകളും വഴിപാടുകളും നടത്തി. വടക്കേ നടയിൽ തിരുവനന്തപുരം മേയർ വി വി രാജേഷിന്റെ നേതൃത്വത്തിൽ പായസ വിതരണവുമുണ്ടായിരുന്നു. വി മുരളീധരൻ എം എൽ എ,പങ്കെടുത്തു.

RNU TVPM

**വിശ്വകർമ്മ ജയന്തി**

ഇന്ന് വിശ്വകർമ്മ ജയന്തി. കരകൗശല വിദഗ്ധർക്ക് പിന്തുണ നൽകുന്നതിനായി കേന്ദ്ര സർക്കാർ ആരംഭിച്ച പിഎം വിശ്വകർമ പദ്ധതി ഇന്ന് മൂന്ന് വർഷം പൂർത്തിയാക്കും. 2027-28 കാലയളവ് വരെ 13,000 കോടി രൂപ ചെലവിൽ നടപ്പാക്കുന്ന പദ്ധതിയിലൂടെ 18 പരമ്പരാഗത മേഖലകളിലായി 30 ലക്ഷത്തിലധികം പേർക്കാണ് സഹായം നൽകി വരുന്നത്.

**കണ്ണൂർ (ഇൻട്രോ)**

കണ്ണൂർ ആറളത്തെ ആനമതിൽ നിർമാണം ഡിസംബർ 31നകം പൂർത്തിയാക്കാൻ നിർദ്ദേശം. പ്രവൃത്തി പുരോഗതി ജില്ലാ കലക്ടർ പി വിഷ്ണുരാജ് വിലയിരുത്തി. ***വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ......***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**ഇന്ത്യ- അഫ്ഗാൻ**

ഇന്ത്യ- അഫ്ഗാനിസ്ഥാൻ ടി20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന്. ഡൽഹിയിലെ അരുൺ ജെയ്റ്റ്‌ലി സ്റ്റേഡിയത്തിൽ രാത്രി 7.30-നാണ് മത്സരം.

RIJU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**മഴ**

സംസ്ഥാനത്ത് കടുത്ത ചൂടിന് ആശ്വാസമായി മഴ വരുന്നു, ഇന്നു മുതൽ ശക്തമായ മഴയ്ക്ക് സാധ്യത, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**മാരാർജി സ്മൃതി മണ്ഡപം**

ആരെയും കുറിച്ച് മോശമായി സംസാരിക്കാത്ത വ്യക്തിത്വത്തിനുടമയായിരുന്നു കെ.ജി. മാരാരെന്ന് ബി.ജെ.പി മുൻ സംസ്ഥാന അധ്യക്ഷൻ സി.കെ. പത്മനാഭൻ. ഇന്നത്തെ കാലഘട്ടത്തിൽ അത്തരം വ്യക്തികളെ കണ്ടെത്തുക പ്രയാസമാണെന്നും അദ്ദേഹം പറഞ്ഞു. ബി.ജെ.പി മുൻ സംസ്ഥാന അധ്യക്ഷൻ കെ.ജി. മാരാരുടെ സ്മരണയ്ക്കായി കണ്ണൂർ പയ്യാമ്പലത്ത് ബി.ജെ.പി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നിർമ്മിച്ച മാരാർജി സ്മൃതി മണ്ഡപം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഉണ്ണി കാനായി നിർമ്മിച്ച കെ.ജി. മാരാരുടെ പ്രതിമയും അനാച്ഛാദനം ചെയ്യു..

RNUTVPM